1. ഇ.ബി. XIII-കേരള നിയമസഭ/XI-18

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 02, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### അടിമലത്തുറയിലെ പുറമ്പോക്കുഭൂമി കയ്യേറ്റം

മി. സ്പീക്കർ: നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി ഗ്രാമമായ അടിമലത്തുറയിൽ കായലും മലയും കടലും ഒത്തുചേരുന്ന പരിസ്ഥിതി ദുർബല പ്രദേശമായ അഞ്ചര ഏക്കർ സ്ഥലത്ത് നിയമങ്ങളും ചട്ടങ്ങളും മറികടന്ന് സ്വകാര്യ വ്യക്തിക്ക് 27 നില ഹോട്ടൽ കം അപ്പാർട്ടുമെന്റ് പ്രോജക്ടിന് പരിസ്ഥിതിവകുപ്പ് ഏജൻസികൾ അനുമതി

നൽകിയതിനെത്തുടർന്ന് ഉളവായിരിക്കുന്ന പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽകുമാർ, വി. ശിവൻകുട്ടി, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കോട്ടുകാൽ പ്രദേശത്ത് 58 സർവ്വേ നമ്പരുകളിലായി അഞ്ചര ഏക്കർ ഭൂമിയിൽ ഹോട്ടൽ കം അപ്പാർട്ടുമെന്റ് പ്രോജക്ടിന് അപ്രൈസൽ കമ്മിറ്റിയും എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയും അനുമതി നൽകിയിട്ടുണ്ട്. അടിമലത്തുറ തീരദേശ സംരക്ഷണ സമിതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ മെമ്പർ സെക്രട്ടറിയും ഡയറക്ടറും പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്. ജനറൽ കണ്ടീഷനുകൾക്കു പുറമെ ആറ് സ്പെഷ്യൽ കണ്ടീഷനുകളോടുകൂടിയാണ് പ്രസ്തുത പ്രോജക്ടിന് അനുമതി നൽകിയിരിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പരിസ്ഥിതി ദുർബല പ്രദേശമായ നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറയിൽ 58 സർവ്വേ നമ്പരുകളിലായി ഏകദേശം ഏഴര

ഏക്കറോളം ഭൂമിയിൽ നിബന്ധനകൾ പാലിക്കാതെയും സ്ഥലപരിശോധന നടത്താതെയുമാണ് 27 നില കെട്ടിടം നിർമ്മിക്കുന്നതിന് ആർടെക് കമ്പനിക്ക് അനുമതി നൽകിയിരിക്കുന്നത്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പാണ് സ്റ്റേറ്റ് എൻവയോൺമെന്റ് അപ്രൈസൽ കമ്മിറ്റിയുടെയും സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെയും സെക്രട്ടേറിയറ്റായി പ്രവർത്തിക്കുന്നത്. തർക്കങ്ങൾ നിലനിൽക്കുന്നതും കടൽ പുറമ്പോക്ക് ഉൾപ്പെടുന്നതുമായ ഭൂമിയിലാണ് ഹോട്ടൽ കം അപ്പാർട്ടുമെന്റ് പ്രോജക്ട് അനുവദിച്ചിരിക്കുന്നത്. പരിസ്ഥിതി വകുപ്പ് സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ, എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് പ്രസിഡന്റ് എന്നിവരടങ്ങുന്ന സമിതിയാണ് പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തി അനുമതി നൽകാനുള്ള ഏജൻസികളായി പ്രവർത്തിക്കുന്നത്. പരിസ്ഥിതിയെയും പ്രകൃതിയെയും സംരക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയോഗിച്ചിരിക്കുന്ന സമിതികളുടെ ചെയർമാന്മാരും സെക്രട്ടറിമാരുമായ ഈ നാൽവർ സംഘം പരിസ്ഥിതിയുടെ ഘാതകരായി മാറിയിരിക്കുകയാണ്.

ഭരണനേതൃത്വത്തിന്റെ പങ്കാളിത്തത്തോടെ ചട്ടങ്ങളെയും നിയമങ്ങളെയും നോക്കുകുത്തികളാക്കിക്കൊണ്ട് പരിസ്ഥിതിയെ ചൂഷണം ചെയ്ത് കോടികളുടെ അഴിമതിയാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. കോടിക്കണക്കിന് രൂപ കോഴ വാങ്ങി അനധികൃതമായി 16 ക്വാറികൾക്കും 5 കെട്ടിട നിർമ്മാണങ്ങൾക്കും അനുമതി കൊടുത്തതു് സംബന്ധിച്ച് അന്വേഷിക്കണം. രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമായി, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ അനുമതിയില്ലാതിരിക്കുകയും വൻകിട കമ്പനികൾക്ക് കെട്ടിടങ്ങൾ പണിയുന്നതിന് അനുമതി കൊടുക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തെ അട്ടിമറിച്ചുകൊണ്ട് വൻകിട കോർപ്പറേറ്റുകൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പരിസ്ഥിതി ക്ലിയറൻസിനുവേണ്ടി ആർടെക് കമ്പനി സമർപ്പിച്ച അപേക്ഷയിൽ കോടതി വ്യവഹാരങ്ങൾ ഇല്ലെന്ന് രേഖപ്പെടുത്തുകയും അപ്രൈസൽ കമ്മിറ്റി ക്വറിയിട്ട് നൽകിയ മൂന്ന് കാര്യങ്ങൾക്കും ലൊക്കേഷൻ മാപ്പിനെ സംബന്ധിച്ച എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ എൻ.ഒ.സി.,

സെസ് റിപ്പോർട്ട്, സി.ആർ.ഇസഡ് സ്റ്റാറ്റസ് എന്നിവ സംബന്ധിച്ചും മറുപടി നൽകിയിട്ടുണ്ട്. നോൺമൈനിംഗ് പ്രോജക്ട്സിനുള്ള ജനറൽ കണ്ടീഷനുകൾക്കുപുറമെ സ്പെസിഫൈ ചെയ്ത ആറ് നിബന്ധനകൾക്കുകൂടി മറുപടി ലഭ്യമാക്കിയതിനുശേഷം അപ്രൈസൽ കമ്മിറ്റി എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് റെക്കമെന്റ് ചെയ്യുകയും പ്രസ്തുത അതോറിറ്റി നിബന്ധനകളെല്ലാം പാലിച്ചുകൊണ്ട് അംഗീകാരം കൊടുക്കുന്നതിനുള്ള തീരുമാനമെടുക്കുകയുമാണുണ്ടായത്. എല്ലാ കാര്യങ്ങളും ക്ലിയർ ചെയ്ത് പരിസ്ഥിതി ക്ലിയറൻസും കൊടുത്തതിനുശേഷമാണ് തീരദേശ സംരക്ഷണ സമിതിയുടെ പരാതി ലഭിച്ചത്. പരാതിയുടെ അടിസ്ഥാനത്തിൽ ഫീൽഡ് ലെവൽ എൻക്വയറി നടത്തുകയും ഇക്കാര്യത്തിൽ സർക്കാരിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) ഇ.പി.എഫ്. പെൻഷൻ പദ്ധതി

ശ്രീ. എ. എ. അസീസ്: 1952-ൽ നടപ്പിലാക്കിയ ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽ രാജ്യത്തെ അഞ്ചര കോടിയലധികം തൊഴിലാളികൾ അംഗങ്ങളാണ്. വിവിധ കാലഘട്ടങ്ങളിലായി പദ്ധതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പെൻഷൻ പദ്ധതിയിൽനിന്ന് മൂന്നിലൊന്ന് തുക മുൻകൂറായി എടുക്കാമെന്നും പത്ത് ശതമാനം തുക പിടിച്ചുകൊണ്ട് മൂലധനം പെൻഷണർക്ക് നൽകാമെന്നുമുള്ള പദ്ധതിയും നിറുത്തലാക്കുകയുണ്ടായി. ഇ.പി.എഫ്. പെൻഷൻ പദ്ധതി ആരംഭിക്കുന്ന കാലഘട്ടത്തിലുണ്ടായിരുന്ന കുറഞ്ഞ പെൻഷൻ തുക 500 രൂപയായിരുന്നുവെങ്കിലും പി.എഫ്. ട്രസ്റ്റി ബോർഡിന്റെ തീരുമാനപ്രകാരം അറ്റൻഡൻസിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കൊടുക്കാമെന്ന് ഭേദഗതി വരുത്തിയതിനെത്തുടർന്ന് ഒരു രൂപ മുതൽ ഇരുപത് രൂപ വരെ പെൻഷൻ കൈപ്പറ്റുന്ന അനേകം ആളുകളുണ്ട്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് കുറഞ്ഞ പെൻഷൻ പ്രതിമാസം ആയിരം

രൂപയാക്കണമെന്ന നിയമ ഭേദഗതി അംഗീകരിച്ചുവെങ്കിലും നടപ്പാക്കാൻ കഴിഞ്ഞില്ല. കുറഞ്ഞ ഇ.പി.എഫ്. പെൻഷൻ പ്രതിമാസം ആയിരം രൂപയാക്കി ഉയർത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി അനുകൂല തീരുമാനം നേടിയെടുക്കാൻ പരിശ്രമിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 05/02/2014-ൽ ചേർന്ന ഇ.പി.എഫ്. സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസിന്റെ യോഗത്തിൽ മിനിമം പെൻഷൻ ആയിരം രൂപയായി നിജപ്പെടുത്തുകയും കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പെൻഷൻ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുന്നതും തീരുമാനമെടുത്ത തീയതി മുതൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന് കത്തെഴുതുന്നതുമാണ്.

## (2) ജലക്ഷാമം

ശ്രീ. ജോസ് തെറ്റയിൽ: പറമ്പിക്കുളം - ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ മുപ്പതു വർഷത്തിലൊരിക്കൽ റിവ്യൂ ചെയ്യണമെന്നും തർക്കങ്ങൾ ആർബിട്രേറ്റർക്ക് റഫർ ചെയ്യണമെന്നുമാണ് വ്യവസ്ഥ. 1958 മുതൽ പ്രാബല്യത്തിൽവന്ന കരാർ 1988-ൽ പുതുക്കുന്നതിനോ തർക്കങ്ങൾ ആർബിട്രേറ്റർക്ക് റഫർ ചെയ്യുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. 2012-13

വർഷത്തിൽ സംസ്ഥാനത്തിനർഹമായ ജലം ലഭിച്ചിട്ടില്ല. ആർബിട്രേഷൻ ക്ലാസ് നിലനിൽക്കേ ഈ വിഷയം സംബന്ധിച്ച് സുപ്രീം കോടതിൽ ഫയൽ ചെയ്ത കേസ്സിന്റെ നിയമസാധുത പരിശോധിക്കുന്നതിനും 1958 മുതൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിന്റെ ബാക്ക് ലോഗ് നേടിയെടുക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പറമ്പിക്കുളം - ആളിയാർ കരാറിന്റെ ക്ലാസ് 5(C) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാർ പുതുക്കുന്നതിനുള്ള നടപടികൾ 1988 -ൽത്തന്നെ ആരംഭിച്ചുവെങ്കിലും അധിക ജലലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ പരസ്പരധാരണയിൽ എത്തിച്ചേരാൻ സാധിച്ചിട്ടില്ല. കരാർ വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതിന് പരിഹാരമുണ്ടാക്കുന്നതിനായി കേരളം ശ്രമിക്കുന്നുണ്ട്. 2012-13 ജലവർഷത്തിൽ തമിഴ്നാട് കരാർ വ്യവസ്ഥകൾ ലംഘിച്ചത് സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. അർഹമായ ജലം നേടിയെടുക്കുന്നതിന് ഉഭയകക്ഷി ചർച്ചകളിലൂടെയും നിയമ നടപടികളിലൂടെയും ശ്രമിക്കുന്നതും ഇലക്ട്രിസിറ്റി വകുപ്പിന്റെയും വാട്ടർ റിസോഴ്സസ് വകുപ്പിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമാണ്.

## സബ്മിഷൻ

### (1) വിദ്യാഭ്യാസ വായ്പ

ശ്രീ. കെ. ശിവദാസൻ നായർ: സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ ദേശസാൽകൃത ബാങ്കുകളിൽ വിദ്യാഭ്യാസ വായ്പ നിഷേധിക്കുകയും നൽകുന്ന വായ്പകൾക്ക് കൂടുതൽ പലിശ നിരക്ക് ഈടാക്കുകയും ചെയ്യുന്നതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതായി പരാതി കിട്ടുമ്പോൾത്തന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളുടെ കാര്യത്തിൽ ബാങ്കുകൾ ചില നിബന്ധനകൾ വയ്ക്കുന്നുണ്ട്. ഗവൺമെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് നിബന്ധനകളൊന്നുമില്ല. ബാങ്ക് വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥിയോ അവരുടെ കുടുംബത്തിലെ ഏണിംഗ് മെമ്പറോ മരിച്ചാൽ ആ വായ്പ എഴുതിത്തള്ളണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം ബാങ്കുകൾ അംഗീകരിക്കുന്നില്ലെങ്കിൽ ആ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ്.

## (2) വർക്കല തുരപ്പിന്റെയും റ്റി.എസ്. കനാലിന്റെയും നവീകരണം

ശ്രീ. വർക്കല കഹാർ: വർക്കല തുരപ്പിന്റെയും റ്റി.എസ്. കനാലിന്റെയും നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വർക്കല തുരപ്പിന്റെയും റ്റി.എസ്.

കനാലിന്റെയും നവീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 27.5 കോടി രൂപയുടെ ഭരണാനുമതി നൽകി തയ്യാറാക്കിയ എസ്റ്റിമേറ്റ് ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ സി.പി.ഡബ്ല്യു.ഡി. റേറ്റ് പ്രകാരം പുതുക്കാൻ തീരുമാനിക്കുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## (3) കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കൽ

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ആവശ്യമായ സ്ഥലസൗകര്യവും സ്റ്റാഫും ലഭ്യമായാൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് .

## (4) വൃക്കരോഗികൾക്കുള്ള ചികിത്സാസഹായം വർദ്ധിപ്പിക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: വൃക്കരോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം ഡയാലിസിസിന്

വിധേയരാകേണ്ടിവരുന്ന വൃക്കരോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്നതിന് 650 രൂപ നിരക്കിൽ ചികിത്സാ സഹായം നൽകിവരുന്നതിന് പുറമേ 350 രൂപ വിലവരുന്ന 'എത്രോപോയിറ്റിയർ' എന്ന മരുന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരമാവധി ധനസഹായമായ രണ്ട് ലക്ഷം രൂപ ഉപയോഗിച്ച് ഒരു രോഗിക്ക് കുറഞ്ഞത് നൂറ്റിഇരുപത്തിയൊന്ന് ആഴ്ച ഡയാലിസിസ് നടത്താവുന്നതാണ്. ഡയാലിസിസിന്റെ ഭാഗമായി വരുന്ന പരിശോധനകളും ചികിത്സകളും ബന്ധപ്പെട്ട സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി നൽകിവരുന്നു. ജീവിതകാലം മുഴുവൻ ഡയാലിസിസിന് വിധേയരാകേണ്ടിവരുന്ന വൃക്കരോഗികൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്. സ്വകാര്യ ആശുപത്രികളിൽ ഡയലിസിസിന് വിധേയരാകുന്ന രോഗികൾക്ക് മരുന്നിനും രക്തപരിശോധനയ്ക്കും ആവശ്യമായ തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് ഔദ്യോഗികതലത്തിൽ ചർച്ച നടത്തുന്നതാണ്.

## (5) <u>സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം</u>

<u>ശ്രീ. പാലോട് രവി</u>: നെടുമങ്ങാട് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ആവശ്യമായ തുക ബഡ്ജറ്റിൽ

ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നെടുമങ്ങാട് സബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച 5.26 ആർ സ്ഥലത്ത് പുതിയ കെട്ടിടം പണിയുന്നതിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 2.1 കോടി രൂപയുടെ എസ്റ്റിമേറ്റിന് പകരം ആവശ്യമായ സൗകര്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കും.

## (6) 'കാപ്പ' നിയമപ്രകാരം കേസ്സെടുക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ഗവൺമെന്റ് കോളേജ് വിദ്യാർത്ഥിക്കെതിരെ 'കാപ്പ' നിയമപ്രകാരം കേസ്സെടുത്തത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കാസർഗോഡ് ജില്ലയിലെ മല്ലംറഹ്മത്ത് നഗറിൽ ഷിംമൻസിലിൽ മൊയ്തീൻ നിസാമുദ്ദീനെതിരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം കണ്ണൂർ റെയ്ഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുരുതരമായ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട്

കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ഇയാൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെട്ട ആറ് ക്രിമിനൽ കേസുകളിൽ നാലെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. സാധാരണ നിയമത്തിലെ നടപടികൾ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിന് പര്യാപ്തമല്ലെന്ന് ബോധ്യമായതിനാലാണ് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം ഇയാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനായ അഡ്വൈസറി ബോർഡിന് മുമ്പാകെയോ ഹൈക്കോടതി മുമ്പാകെയോ ടിയാന് പരാതി സമർപ്പിക്കാവുന്നതാണ്. അർദ്ധ നീതിന്യായ സ്വഭാവമുള്ളതിനാൽ ഗവൺമെന്റിന് ഇതിൽ ഇടപെടാൻ ബുദ്ധിമുട്ടുണ്ടെങ്കിലും മെമ്പർ ചൂണ്ടിക്കാണിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## (7) <u>എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ അറസ്റ്റ്</u>

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കായണ്ണ സ്വദേശിയായ അക്ഷയ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിയെ വ്യാജക്രിമിനൽ കുറ്റം ചുമത്തി അറസ്റ്റ് ചെയ്ത സംഭവത്തിൽ ടിയാന് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കായണ്ണ ഗവൺമെന്റ് ആശുപത്രിക്ക് സമീപം മുട്ടൻതുറ എന്ന സ്ഥലത്തുവച്ച് ബി.ജെ.പി. പ്രവർത്തകരെ ആക്രമിച്ച സംഭവത്തിൽ പേരാമ്പ്ര പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണ മധ്യേയാണ് ഒന്നാം പ്രതിയായ എഞ്ചിനീയറിംഗ് വിദ്യാർത്ഥി അക്ഷയ് അടക്കമുള്ള പ്രതികളെ അറസ്റ്റ് ചെയ്തത്. കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ്ഷീറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് അന്വേഷിക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നതാണ്

## (8) നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കുന്നതിനും അനധികൃത നിയമനങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): വർഷങ്ങളായി പൂട്ടിക്കിടക്കുന്ന സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന

പ്രവർത്തിക്കുന്നതിന്റെ ഭാഗമായി ആർ.കെ.വി.വൈ. മുഖേനയുള്ള വിവിധ പദ്ധതികളുടെ അനുമതിയും സംസ്ഥാന സർക്കാരിന്റെ മൂല്യവർദ്ധിത ഉൽപ്പന്ന പദ്ധതി പ്രകാരമുള്ള സഹായവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

## (9) ഐ.ടി.ഐ. കെട്ടിടത്തിന് ഭൂമി

ശ്രീ. വി. എസ്. സുനിൽ കുമാർ: റവന്യൂ വകുപ്പ് അനുവദിച്ചിട്ടും കിൻഫ്ര ഏറ്റെടുക്കാത്ത കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴിക്കോട് വില്ലേജിൽപ്പെട്ട ഭൂമി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തൊഴിൽ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തൃശ്ശൂർ ജില്ലയിലെ അഴിക്കോട് വില്ലേജിൽപ്പെട്ട ഒരേക്കർ പതിനഞ്ച് സെന്റ് ഭൂമി സർക്കാർ ഉത്തരവ് പ്രകാരം കിൻഫ്രയ്ക്ക് പാട്ടത്തിന് നൽകിയിരുന്നുവെങ്കിലും ഭൂമി ഏറ്റെടുക്കാത്തതും ലീസ് എഗ്രിമെന്റ് ഒപ്പ് വയ്ക്കാത്തതുംകാരണം ലീസ് റദ്ദ് ചെയ്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിൽനിന്ന് ഭൂമി കൈമാറ്റ അപേക്ഷ ലഭിക്കുന്നപക്ഷം ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

## (10) ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിനിരക്ക് കുറയ്ക്കൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സംസ്ഥാനത്തെ ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി നിരക്കിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വൈദ്യുതി നിരക്ക് സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. കമ്മീഷൻ മുമ്പാകെ ഇതു സംബന്ധിച്ച നിവേദനം സമർപ്പിക്കുന്നതിനും പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനും ശ്രമിക്കണം.

## (11) അദ്ധ്യാപക നിയമനം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട്ടിലെ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും എ.ഐ.സി.റ്റി.ഇ. നോംസ് അനുസരിച്ചുള്ള അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽ നിലവിലുള്ള 33 തസ്തികകൾക്കുപുറമേ എ.ഐ.സി.റ്റി.ഇ. നോംസ് പ്രകാരമുള്ള തസ്തികകൾ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ട്രേഡ്സ്മാന്റെ രണ്ട് ഒഴിവുകളും ഫോർമാന്റെ ഒരൊഴിവും ബൈ

ട്രാൻസ്ഫർ/പ്രൊമോഷൻ വഴിയും സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ ഇലക്ട്രോണിക്സിലെ ഹെഡ് ഓഫ് സെക്ഷൻ തസ്തികയെ ലക്ച്ചറർ വിഭാഗത്തിലുൾപ്പെടുത്തിയും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യുടെ നിയമന ശുപാർശയനുസരിച്ച് നികത്തുന്നതാണ്.

## (12) സർക്കാർ പ്രഖ്യാപിച്ച തുക ലഭ്യമാക്കൽ

ശ്രീമതി കെ. കെ. ലതിക: 2013-14-ലെ കേരളാ സ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യൂക്കേഷൻ ഫിലിം ഫെസ്റ്റിവലിൽ ഏറ്റവും നല്ല സിനിമയ്ക്കുള്ള അവാർഡ് നേടിയ "തോരാമഴ" എന്ന സിനിമയ്ക്ക് സർക്കാർ പ്രഖ്യാപിച്ച ക്യാഷ് അവാർഡ് എത്രയുംവേഗം ലഭ്യമാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ധനസഹായം നൽകുന്നതിൽ കാലതാമസമുണ്ടായത്. അവാർഡ് തുക രണ്ടാഴ്ചയ്ക്കുള്ളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## (13) ആലുവ വഴി പോകുന്ന ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസുകൾ

ശ്രീ. അൻവർ സാദത്ത്: ആലുവ വഴി പോകുന്ന എല്ലാ ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസ്സുകളും ആലുവ ബസ് സ്റ്റാൻഡിൽ കയറി പോകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആലുവ വഴി പോകുന്ന കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ദീർഘദൂര ബസുകളും ആലുവ ബസ് സ്റ്റാൻഡിൽ കയറുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് കെ.എസ്.ആർ.ടി.സി. എറണാകുളം മേഖലാ അധികാരിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## (14) ഓട്ടിസം ബാധിച്ച കുട്ടികളുടെ ചികിത്സയും പുനരധിവാസവും

ശ്രീ. എം. പി. വിൻസെന്റ്: ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള ചികിത്സ കാര്യക്ഷമമാക്കുന്നതിനും പ്രത്യേക സ്കൂൾ കരിക്കുലം തയ്യാറാക്കി അവരുടെ പഠനഭാരം ലഘൂകരിക്കുന്നതിനും പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും തൃശ്ശൂരിലെ ഓട്ടിസം കെയർ സെന്ററിന് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഓട്ടിസം ബാധിച്ച കുട്ടികളെ സംരക്ഷിക്കുന്നതിനായി നാഷണൽ ട്രസ്റ്റ് ആക്ട് അനുസരിച്ച് കൊല്ലം ജില്ലയിൽ രൂപീകരിച്ച ലോക്കൽ കമ്മിറ്റിയുടെ പ്രവർത്തനം മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണ്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസ്-എബിലിറ്റീസ് പദ്ധതി പ്രവർത്തനക്ഷമമാകുന്നതോടെ ഓട്ടിസം മേഖലയിലെ പ്രധാന വെല്ലുവിളികൾക്ക് പരിഹാരമാകും. സെറിബ്രൽ പാൾസി/ഓട്ടിസം

ബാധിച്ചവരുടെ പുനരധിവാസത്തിനായി ഒരു കേഡർ പ്രോഗ്രാം നടപ്പാക്കുന്നതാണ്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പ്രത്യേക പരിശീലന പദ്ധതി നടപ്പാക്കുന്നുണ്ട്. തൃശ്ശൂരിലെ ഓട്ടിസം കെയർ സെന്റർ എൻ.ജി.ഒ. അക്രഡിറ്റേഷന്റെ പരിധിയിൽ വരികയാണെങ്കിൽ ആവശ്യമായ സഹായം നൽകുന്നതാണ്.

## (15) റോഡ് പുനർ നിർമ്മാണം

ശ്രീ. മുല്ലക്കര രത്നാകരൻ: ഇലവുപാലം മുതൽ അരിപ്പ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഇലവുപാലം-അരിപ്പ റോഡിലൂടെ കടന്നുപോകുന്ന വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നിരന്തരമായി പൊട്ടുന്നതിനാലാണ് റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കാത്തത്. പൈപ്പ് ലൈൻ കടന്നുപോകുന്ന ഭാഗത്ത് ഇന്റർലോക്ക് സംവിധാനമുപയോഗിച്ച് റോഡ് നിർമ്മാണം നടത്താനുള്ള നിർദ്ദേശം നൽകുന്നതാണ്.

## (16) സ്റ്റേറ്റ് ഹൈവേ റോഡിന്റെ ശോചനീയാവസ്ഥ

ശ്രീമതി കെ. എസ്. സലീഖ: പാലക്കാട്-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ

റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബി.എം.&ബി.സി. ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പാലക്കാട്-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിലെ കി.മീ. 12/800 മുതൽ 21/000 വരെ ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കി.മീ. 27/000 മുതൽ 48/880 വരെ ബി.എം.&ബി.സി. പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി ഉടൻതന്നെ നൽകുന്നതാണ്.

## (17) റോഡ് നിർമ്മാണം

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ മണ്ഡലത്തിലെ തെങ്ങിനാൽ-കുരിശുംമൂട്, അടൂർ-തുമ്പമൺ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് സഞ്ചാര യോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്): അടൂർ നിയോജകമണ്ഡലത്തിലെ തെങ്ങിനാൽ-കുരിശുംമൂട് റോഡിന്റെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം സമർപ്പിച്ച 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം പരിഗണിക്കാനായില്ല. അടൂർ-തുമ്പമൺ റോഡ് അഞ്ചര മീറ്റർ വീതിയിൽ ടാറും അടൂർ മുതൽ ആനന്ദപ്പിള്ളി

വരെയുള്ള 3 കി.മീ. അടൂർ-ആനന്ദപ്പിള്ളി-കൈപ്പട്ടൂർ റോഡിന്റെ പുനരുദ്ധാരണത്തിൽപ്പെടുത്തി ബി.എം.&ബി.സി.-യും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുടെ ഫണ്ട് ആവശ്യമുള്ള ശേഷിക്കുന്ന 7 കി.മീ. റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (18) <u>ബൈപ്പാസ് നിർമ്മാണം</u>

<u>ഡോ. എൻ. ജയരാജ്</u>: കാഞ്ഞിരപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്</u>): കാഞ്ഞിരപ്പള്ളി ബൈപ്പാസ് റോഡിന് 28-11-2008-ലെ ഉത്തരവുപ്രകാരം 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ലാന്റ് അക്വിസിഷൻ നടപടികൾ ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ നിയമം നിലവിൽ വന്നശേഷമേ ബേസിക് വാല്യുവേഷൻ സ്റ്റേജിലായ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്ന് ലാന്റ് അക്വിസിഷൻ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. മന്ത്രിസഭായോഗ തീരുമാനപ്രകാരം ലാന്റ്

അക്വിസിഷനുമായി ബന്ധപ്പെട്ട സർക്കുലർ ഉടൻ പുറപ്പെടുവിക്കുന്നതാണ്. സമവായത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## (19) തൃശ്ശൂർ ജനറൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ബെഡ് സ്ട്രെങ്ത് 500 ആക്കി വർദ്ധിപ്പിച്ചും സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചും അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും തൃശ്ശൂർ ജനറൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 240 ബെഡ് സ്ട്രെങ്ത് അനുവദിച്ചിട്ടുള്ള തൃശ്ശൂർ ജനറൽ ആശുപത്രിയിലെ പ്രതിദിന ഒ.പി. 850 മുതൽ 1100 വരെയും ഐ.പി. അമ്പതും ആണ്. എല്ലാവിധ ചികിത്സാ സൗകര്യങ്ങളുമുള്ള പ്രസ്തുത ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയെങ്കിലും അടിസ്ഥാന സൗകര്യങ്ങളും അധിക തസ്തികകളും അനുവദിച്ചിട്ടില്ല. ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ജൂലൈ 7-ാം തീയതി പ്രത്യേക യോഗം

വിളിച്ചിട്ടുണ്ട്.

## (20) ആലപ്പുഴ മെഡിക്കൽകോളേജിന്റെ ശോചനീയാവസ്ഥ

ശ്രീ. ജി. സുധാകരൻ: ഡോക്ടർമാരുടെ ഒഴിവുകൾ നികത്തിയും മരുന്നുകൾ യഥാസമയം ലഭ്യമാക്കിയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അത്യാഹിത വിഭാഗത്തിലും വാർഡിലും പ്രത്യേകമായി ഡ്യൂട്ടി മെഡിക്കൽ ഓഫീസർമാരില്ല. അനസ്തേഷ്യ വിഭാഗത്തിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരുടെയും നാല് റസിഡന്റുമാരുടെയും ഒഴിവുകൾ നിലവിലുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആലപ്പുഴ ജില്ലാ കാൻസർ കെയർ സൊസൈറ്റിയുടെ കീഴിലുള്ള ടൂ സ്ലൈസ് സി.ടി. സ്കാനിനു പുറമെ 16 സ്ലൈസ് സി.ടി. സ്കാൻ വാങ്ങുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ടേൺ കീ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ഗവൺമെന്റിന്റെയും

ആർ.എസ്.ബി.വൈ.യുടെയും ഫണ്ട് ഉപയോഗിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ലഭ്യമാക്കുന്നുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് രണ്ട് മാസത്തിനകം പ്രവർത്തനക്ഷമമാക്കുന്നതാണ്. കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ മെഡിക്കൽ കോളേജിൽ 150 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എച്ച്.എൽ.എൽ.-നെ ഏൽപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ എച്ച്.ഒ.ഡി.മാരുടെ യോഗം വിളിച്ചുകൂട്ടി പ്രസ്തുത ആശുപത്രിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (21) സ്റ്റാഫ് നിയമനം

ശ്രീ. എം. ചന്ദ്രൻ: ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി ആലത്തൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 154 കിടക്കകൾ അനുവദിച്ചിട്ടുള്ള ആലത്തൂർ താലൂക്കാശുപത്രിയിൽ ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സൂപ്പർന്യൂമററി തസ്തികയടക്കം 101

തസ്തികകളുള്ളതിൽ 17 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. ഡോക്ടർമാരുടെ 18 തസ്തികകളുള്ളതിൽ സൂപ്രണ്ടിന്റേതടക്കം 10 ഡോക്ടർമാരുടെ സേവനമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. സ്റ്റാഫ് നഴ്സുമാരുടെ 14 തസ്തികകളുള്ളതിൽ 7 ഒഴിവുകളുണ്ട്. ഇതിൽ മൂന്നുപേർ അഡ്ഹോക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. നിലവിലുള്ള കൺസൾട്ടന്റ്, സൂപ്രണ്ട് തസ്തികകളുടെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം ഡോക്ടർമാർക്ക് പ്രൊമോഷൻ നൽകി നികത്തിവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളിൽ സർവ്വീസിലുള്ള പി.ജി. ബിരുദധാരികളായ ഡോക്ടർമാരിൽനിന്നും നിയമനം നടത്തുന്നതിനും പി.എസ്.സി. മുഖേന സ്റ്റാഫ് നഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പാലക്കാട് ജില്ലയിൽ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ കോളറരോഗം നിയന്ത്രണവിധേയമാക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## (22) സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): മാവേലിക്കര ജില്ലാ ആശുപത്രിയിൽ എൻ.എച്ച്.ആർ.എച്ച്.എം. മുഖേന ഒരു ഡോക്ടർ ഉൾപ്പെടെ എട്ടുപേരുടെ സേവനം കൂടുതലായി ലഭ്യമാക്കിയിട്ടുണ്ട്. എച്ച്.എം.സി.യുടെ കീഴിൽ സെക്യൂരിറ്റി സേവനവും നിലവിലുണ്ട്. ഹോമിയോ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള 186 തസ്തികകളിൽ 25 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അധികതസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കൺസൾട്ടന്റ്, സൂപ്രണ്ട് തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരവും ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയും അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരവും നികത്തുന്നതാണ്.

### (23) ഹോമിയോപ്പതി വകുപ്പിലെ ജനോപകാരപദ്ധതികൾ

ശ്രീ. എ.എം.ആരിഫ്: ഹോമിയോപ്പതി വകുപ്പിൽ ജനോപകാരപദ്ധതികൾ നടപ്പാക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്.

ശിവകുമാർ): സ്ത്രീകളുടെ ആരോഗ്യം, സാമൂഹികസുരക്ഷ, സമത്വം എന്നിവ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഹോമിയോപ്പതി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന സീതാലയം, ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ്സ്റ്റൈൽ ഡിസീസസ്, ഹോമിയോപ്പതിക് സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ തുടങ്ങിയവയ്ക്ക് പ്ലാൻ ഫണ്ടിൽനിന്നും താൽക്കാലിക ജീവനക്കാരെ നിയോഗിച്ചുവരുന്നതിലൂടെ ഉണ്ടാകുന്ന ചെലവ് കുറയ്ക്കുന്നതിനായി പ്രസ്തുത വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് പരിശീലനം നൽകിയാണ് പദ്ധതിപ്രവർത്തനം തുടരുന്നത്. ഹോമിയോപ്പതി വകുപ്പിൽ തുടർന്നുവരുന്ന എല്ലാ വാർഷിക പദ്ധതികളും ജനോപകാരപ്രദമായി നടന്നുവരുന്നു. പ്രസ്തുത പദ്ധതിയുടെ സേവനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ താൽക്കാലിക ജീവനക്കാരെ നിയോഗിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്നതിന് പകരം സ്ഥിരം സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (24) ജീവനക്കാരുടെ അപര്യാപ്തത

ശ്രീ. വി.എം. ഉമ്മർമാസ്റ്റർ: കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളിലേയ്ക്ക് സ്റ്റാഫിനെ നിയമിക്കാനാവശ്യമായ നടപടിയെടുത്തുവരികയാണ്. കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## (25) പാരമ്പര്യ ചികിത്സാരംഗം പ്രോത്സാഹിപ്പിക്കൽ

ശ്രീ. പി. ഉബൈദുള്ള: പാരമ്പര്യ ചികിത്സാരംഗം പ്രോത്സാഹിപ്പിക്കുന്നതിനും പാരമ്പര്യവൈദ്യന്മാർക്ക് ലൈസൻസ് നൽകുന്നതിനുംവേണ്ടി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): അംഗീകൃത വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ട്രാവൻകൂർ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ലാത്ത ആളുകൾക്ക് മെഡിക്കൽ പ്രാക്ടീഷണറായി പ്രവർത്തിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ പാരമ്പര്യ വൈദ്യന്മാർക്കും ബാധകമാക്കിയിട്ടുണ്ട്. 1970-ലെ ഇന്ത്യൻ മെഡിക്കൽ സെൻട്രൽ കൗൺസിൽ ആക്ടിലും 2003-ലെ കേരള ഹൈക്കോടതി വിധിയിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ രജിസ്ട്രേഷൻ വ്യവസ്ഥ സർക്കാർ ഉത്തരവിലൂടെ ഇളവ് ചെയ്യാൻ തീരുമാനിച്ചെങ്കിലും

പ്രസ്തുത ഉത്തരവ് കേന്ദ്രനിയമങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ ഒരു ഉന്നതാധികാരസമിതിയെ ഇപ്പോൾ നിയമിക്കാൻ നിർവ്വാഹമില്ല.

## (26) താലൂക്ക് ആശുപത്രികളിൽ ദന്തൽ ക്ലിനിക്കുകൾ

ശ്രീ. റ്റി.വി. രാജേഷ്: എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ ക്ലിനിക്കുകൾ സ്ഥാപിക്കുകയും ആവശ്യമായ തസ്തിക സൃഷ്ടിച്ച് ദന്തരോഗ ചികിത്സാ രംഗം കാര്യക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി 14 ദന്തൽ സർജൻമാരുടെ തസ്തികകൾ സൃഷ്ടിച്ചതു കൂടാതെ 37 ദന്തൽ സ്പെഷ്യലിസ്റ്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ട ആശുപത്രികളുടെ വിവരവും ആ ആശുപത്രികളിൽ അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോയെന്നുള്ള വിവരവും സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**<u>റിപ്പോർട്ട് സമർപ്പണം</u>**

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി IV-ന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**<u>ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന</u>**

**<u>2014-ലെ ദി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീമിന് നൽകിയ</u>**

## ഭേദഗതികളുടെ പരിഗണന

ശ്രീ. എം. ഉമ്മർ : 2014 ഫെബ്രുവരി 24-ാം തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 37/2014/ഹോം (എസ്.ആർ.ഒ. നമ്പർ 167/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീമിന് ഭേദഗതികൾ അവതരിപ്പിക്കുന്നു. സി.ആർ.പി.സി. 357(എ) വകുപ്പിന് അനുയോജ്യമായി 2014-ലെ ദി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീം പുറപ്പെടുവിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ഒരു കുറ്റകൃത്യത്തിന് ഇരയാകുന്ന ആൾക്ക് മതിയായ നഷ്ടപരിഹാരം നൽകുവാൻ സംസ്ഥാനത്തിന് ബാധ്യതയുണ്ടെന്ന ഭരണഘടനയുടെ ബന്ധപ്പെട്ട വകുപ്പുകളുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുള്ളത്. ഈ റൂളിന്റെ സ്പിരിറ്റിനും ഘടനയ്ക്കും മാറ്റമില്ലാത്ത വിധത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ സ്വീകരിക്കണം.

ശ്രീ. വി.ഡി. സതീശൻ : ആകെയുള്ള 10 ഭേദഗതികളിൽ അഞ്ചാമത്തേത് ഒഴികെയുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു. സർക്കാരിന്റെ സാമൂഹ്യക്ഷേമ പരിപാടികളിലെ മറ്റൊരു പൊൻതൂവലാണ് 2014-ലെ ദി കേരള വിക്റ്റിം

കോമ്പൻസേഷൻ സ്കീം. കുറ്റകൃത്യങ്ങളുടെ ഇരകളായിത്തീരുന്നവരും കുടുംബവും വഴിയാധാരമാകാതിരിക്കുന്നതിന് ഈ നടപടി വളരെയധികം സഹായിക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സ്വന്തം പണം ഉപയോഗിച്ച് ഇൻഷ്വറൻസ് അടയ്ക്കുന്നയാൾക്ക് ന്യായമായി ലഭിക്കേണ്ട തുക കോമ്പൻസേഷനുമായി ലിങ്ക് ചെയ്യുന്നത് തെറ്റാണ്. അതിനാൽ ക്ലാസ് 5 (10) മാറ്റണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് 2008-ലാണ് സി.ആർ.പി.സി.യിൽ 357 എ അമെന്റ്മെന്റ് പ്രകാരം പുതിയ സ്കീമുകൾ തീരുമാനിക്കാനായി സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടത്. നാട്ടിലുണ്ടാകുന്ന അക്രമസംഭവങ്ങളുടെ ഇരകളാകുന്നവർക്ക് യാതൊരുവിധ ചികിത്സാ സൗകര്യമോ ആനുകൂല്യമോ നിലവിലില്ലാത്തതുകൊണ്ട് അവരെ സഹായിക്കാനും പുനരധിവസിപ്പിക്കാനും കഴിയത്തക്കനിലയിലാണ് ഈ സ്കീം തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിലൂടെ നൽകുന്ന വിഹിതവും സംഭാവനകളും ഉൾപ്പെടെ സ്വരൂപിക്കുന്ന ഫണ്ടിന്റെ കൈകാര്യകർത്തൃത്വം നിർവ്വഹിക്കുന്നത് സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ് അതോറിറ്റിയുമാണ്. നോഡൽ

ഡിപ്പാർട്ട്മെന്റ് ഹോം ഡിപ്പാർട്ടുമെന്റാണ്. ഭാവിയിൽ ജനങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന സ്കീമാണ് ഇത്.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതികൾ താഴെപ്പറയുന്ന ഭേദഗതികളോടെ മന്ത്രി സ്വീകരിച്ചു.

I. In clause 2(j) after the word “children”, the words “including adopted minor children” shall be added and after the word “victim”, the words “and in the case of Unmarried male or female his/her minor sisters or brothers” shall be added.

II. In clause 6(1) for the words “the Aadhar linked”, the words “through an account in a Nationalised or Scheduled Bank”shall be substituted.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

II. In clause 3(2), after the sub-clause (c), a new sub clause (d) shall be added:-

“(d) contribution from Corporate Social Responsibility Funds of various public and private undertakings.”

VII. In clause 10(1) for the word "ninety", the words "one hundred and twenty" shall be substituted.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**അറിയിപ്പ്**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ. അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട്**

മി. സ്പീക്കർ: 18-06-2014-ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരാണനുമതി തേടിയ അടിയന്തരപ്രമേയത്തിൽ കൊച്ചിയിലെ ചിലവന്നൂർ കായൽ കയ്യേറിയിട്ടുള്ള ഡി.എൽ.എഫ്.ന്റെ അനധികൃത ഫ്ലാറ്റ് നിർമ്മാണം മൂന്നംഗ വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിക്കുന്നതിനായി തീരദേശപരിപാലന അതോറിറ്റി എടുത്ത തീരുമാനം പരിസ്ഥിതി വകുപ്പ് അട്ടിമറിച്ചുവെന്ന് ആരോപിച്ചിരുന്നു. ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതിന് ചീഫ് സെക്രട്ടറിയെ നിയോഗിക്കാമെന്ന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സഭയ്ക്ക്

ഉറപ്പു നൽകിയിരുന്നു. അതുസംബന്ധിച്ച റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. കെ.സി.ഇസഡ്.എം.എ.യുടെ അറുപത്തിരണ്ടാമത് മീറ്റിംഗിലെ തീരുമാനമനുസരിച്ച് എച്ച്.ഒ.ഡി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് കേരള യൂണിവേഴ്സിറ്റി, പ്രൊഫസർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് എന്നിവരടങ്ങുന്ന മൂന്നംഗ സമിതിയെ അന്വേഷണ ചുമതല ഏൽപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

മി. സ്പീക്കർ: ഇതുസംബന്ധിച്ച റിപ്പോർട്ട് കേരളത്തിലെ എല്ലാ ദിനപത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും വന്നുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് ആദ്യം സഭയിലാണ് വയ്ക്കേണ്ടത്. അന്വേഷണ റിപ്പോർട്ടിന്റെ രഹസ്യസ്വഭാവം

കാത്തുസൂക്ഷിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം ചുമതല ഏൽപ്പിച്ചുകൊടുത്തവർക്കാണ്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടായതിലുള്ള അതൃപ്തി ചെയർ രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് പൂർണ്ണമായും ഉൾക്കൊള്ളുന്നു. റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുമുമ്പ് പത്രങ്ങളിൽ വന്നുവെന്നത് ശരിയാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പ്രത്യേക പരാമർശം**

**ഇറാഖിലെ തിക്രിതിൽ കുടുങ്ങിയ മലയാളി നഴ്സുമാർ**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇറാഖിൽ കുടുങ്ങിയിരിക്കുന്ന മലയാളി നഴ്സുമാരുടെ സ്ഥിതി അതീവ ഗുരുതരമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തിക്രിതിൽ കുടുങ്ങിയിരിക്കുന്ന 46 നഴ്സുമാർ സുരക്ഷിതരാണ്. ഇന്ത്യൻ എംബസി ഇക്കാര്യത്തിൽ പ്രത്യേക

താൽപ്പര്യമെടുക്കുകയും അവർ താമസിക്കുന്ന ഹോസ്റ്റലിൽ അക്രമം ഉണ്ടാകാതിരിക്കത്തെവിധത്തിൽ ശ്രദ്ധിക്കുന്നുമുണ്ട്. ഇക്കാര്യത്തിൽ മിതത്വം പാലിക്കേണ്ടതുള്ളതുകൊണ്ടാണ് വിശദാംശങ്ങൾ പരസ്യമാക്കാത്തത്. ഇവരുടെ സുരക്ഷയ്ക്കായി ഇന്ത്യൻ എംബസിയുമായും ഇറാഖ് ഗവൺമെന്റുമായും നിരന്തരം ബന്ധം പുലർത്തിവരികയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സഭയിൽ ഇക്കാര്യം ചർച്ച ചെയ്യാൻ പാടില്ലെന്ന് ഇന്ത്യൻ എംബസിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും നിർദ്ദേശമുണ്ട്.

## ധനകാര്യം

### 2014- 2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി അനിൽ കുമാർ): താഴെ പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ

വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം -

(1628,90,16,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII -വിനോദസഞ്ചാരം - (192,95,75,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്വാതന്ത്ര്യം ലഭിച്ചിട്ട് അറുപത്തിയേഴ വർഷമാകുന്നുവെങ്കിലും ദേശീയ സമരത്തിൽ ഉയർത്തിയ മുദ്രാവാക്യങ്ങൾ സാക്ഷാത്കരിക്കുന്നതിനോ അധഃസ്ഥിതർക്ക് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനോ സാധിച്ചിട്ടില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിയ പദ്ധതികളുടെയും നിയമനിർമ്മാണങ്ങളുടെയും ഗുണഫലങ്ങൾ പട്ടികജാതി/ പട്ടിക വർഗ്ഗക്കാരിലേയ്ക്ക്

എത്തിച്ചേർന്നിട്ടില്ല. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ദാരിദ്ര്യമനുഭവിക്കുന്നവരും നിരക്ഷരരും പീഡനമനുഭവിക്കുന്നവരും പട്ടികജാതി-പട്ടിക വർഗ്ഗക്കാരാണ്. പരമ്പരാഗതമായി നിലനിൽക്കുന്ന സാമൂഹ്യ-സാമ്പത്തിക വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ് അധഃസ്ഥിതരുടെ ഉയർച്ചയ്ക്ക് തടസ്സമായി നില്ക്കുന്നത്. പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെ ഉയർന്നുവരുന്ന അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെയും ശിക്ഷിക്കപ്പെടുന്നവരുടെയും എണ്ണം തീരെ കുറവാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാധാന്യം നൽകുന്നതിനോ 12-ാം പഞ്ചവത്സര പദ്ധതിയുടെ കരട് രേഖയിൽ ഈ വിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം നിർദ്ദേശിക്കാനോ സാധിച്ചിട്ടില്ല. പ്രൈവറ്റ് സെക്ടറിലടക്കം റിസർവേഷൻ നിയമംമൂലം നടപ്പാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പട്ടികജാതിക്കാരെ നിയമിക്കുന്നതിനോടൊപ്പം നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും ഐ.റ്റി.ഐ.കളുടെയും സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതം വർദ്ധിപ്പിക്കുന്നതിനും ഇവർക്കായി സ്കാറ്റേർഡ് ഏരിയകളിൽ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ 5668 പേർക്ക് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിച്ചതോടൊപ്പം അവർക്ക് വീട് നിർമ്മിച്ചുനൽകാനും സർക്കാർ തയ്യാറാകണം. പട്ടികജാതി വകുപ്പിന്റെ കീഴിൽ പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചത് സ്വാഗതാർഹമാണ്. പട്ടികജാതിക്കാരായ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് നടത്തുന്നതിന് വിഷൻ 2013 പദ്ധതി നടപ്പിലാക്കി. ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം രണ്ടര ലക്ഷം രൂപയായും വീട് വയ്ക്കുന്നതിനുള്ള ധനസഹായം 3 ലക്ഷം രൂപയായും വർദ്ധിപ്പിക്കണം. ചികിത്സാ സഹായത്തിനുള്ള വരുമാനപരിധി ഒരുലക്ഷം രൂപയായി ഉയർത്തണം. കേരളത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ മാതൃകാ പട്ടികജാതി കോളനിയുടെ വികസനത്തിനായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസറെ നിലനിറുത്തണം. കോളനികളെ ലഹരി വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുനീങ്ങണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ

അവസ്ഥ മികച്ചതാണെങ്കിലും കോളനികളിൽ അധിവസിക്കുന്നവരെ എല്ലാ മേഖലകളിലും തഴയപ്പെടുന്ന സ്ഥിതിയാണുള്ളത്. ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ നിരാശാജനകമാണ്. ഇവരുടെ വികസനത്തിനായി നീക്കിവച്ചിട്ടുള്ള ഫണ്ടിന്റെ വിനിയോഗം സമഗ്രമായി വിലയിരുത്തപ്പെടണം. പട്ടികജാതി വികസന വകുപ്പിന് അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുവാനും പ്രസ്തുത വകുപ്പിൽ മുഴുവൻ സമയ ഡയറക്ടറെ നിയമിക്കാനും നടപടി സ്വീകരിക്കണം. മോഡൽ റസിഡൻഷ്യൽ ഐ.ടി.സി.കൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയാണ്. ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ വഴി തൊഴിൽ ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വ്യക്തമായ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി-പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആത്മവിശ്വാസം പകരാനുതകുന്ന ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ മുൻ കേന്ദ്രസർക്കാരിന് സാധിച്ചിട്ടുണ്ട്. വിവരാവകാശാ നിയമവും വിദ്യാഭ്യാസ അവകാശ നിയമവും സച്ചാർ കമ്മിറ്റി റിപ്പോർട്ടും ഈ വിഭാഗങ്ങളുടെ ഉന്നമനത്തിന് കാരണമായിട്ടുണ്ട്.

കാനേഷുമാരി കണക്കനുസരിച്ച് ശരാശരി ഇൻഡ്യൻ പൗരന് ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സൗകര്യം കേരളത്തിലെ പട്ടികജാതിക്കാർക്ക് ലഭിക്കുന്നു എന്നത് അഭിമാനാർഹമാണ്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും നടപടികളുണ്ടാകണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ക്ഷേമപദ്ധതികളൊന്നും നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ അനുവദിക്കാനോ കോടിക്കണക്കിന് രൂപ ലാപ്സായ പരാതിയെക്കുറിച്ച് അന്വേഷിക്കുന്നതിനോ സർക്കാർ തയ്യാറാകുന്നില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നടപ്പാക്കിയ മലബാറിലെ ടൂറിസം വികസന പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഡി.ടി.പി.സി.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഏലത്തൂർ മണ്ഡലത്തിലെ തീർത്ഥാടക ബാഹുല്യമുള്ള കാവിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിച്ചതും പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ച് നൽകിയതും ഭൂരഹിതരായ ആദിവാസികൾക്ക് സൗജന്യമായി ഭൂമി നൽകിയതും തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകിയതും സ്വയംപര്യാപ്ത ഗ്രാമം, ശുചിത്വ ആരോഗ്യ പരിപാലനം, ഗോത്ര സാരഥി എന്നിവയുൾപ്പെടെ ഒട്ടേറെ പദ്ധതികൾ ആരംഭിച്ചതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിൽ വർദ്ധനവുണ്ടായി. ഇടുക്കി ഗ്രാമീണ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുകയും ടൂറിസം വകുപ്പിന്റെ കീഴിൽ ഇടുക്കിയിൽ ഹോട്ടൽ സമുച്ചയം നിർമ്മിക്കുകയും ചെയ്തു. ഇടുക്കിയിലെത്തുന്ന വിനോദ സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം. ഗാന്ധിനഗർ കോളനി നവീകരണത്തിനായി പ്രഖ്യാപിച്ച ഒരു കോടി രൂപ എത്രയുംവേഗം ലഭ്യമാക്കുന്നതിനും ഇടുക്കിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി അനുവദിക്കുന്ന തുക

വർദ്ധിപ്പിക്കുന്നതിനും കുയിലി ഇക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭൂരഹിതരായ ആദിവാസികൾക്ക് സൗജന്യമായി ഭൂമി അനുവദിക്കാനും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകാനും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം കിട്ടിയ വിദ്യാർത്ഥികൾക്ക് ലാപ്‌ടോപ്പ് നൽകാനും സർക്കാർ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി 500 പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ അനുവദിക്കാനും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പോലുള്ള പദ്ധതികൾ ആരംഭിക്കാനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 700 പേരെ ഫോറസ്റ്റ് വാച്ചർമാരായി നിയമിക്കാനും നടപടി സ്വീകരിച്ചു. വിവാഹ ധനസഹായവും ചികിത്സാ ധനസഹായവും വർദ്ധിപ്പിച്ചു. ആദിവാസികൾക്കായുള്ള പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഗോത്രസാരഥി പദ്ധതി നടപ്പാക്കാനും ഓരോ സാമ്പത്തിക വർഷവും 10 കോടി രൂപ വീതം പ്രസ്തുത പദ്ധതിക്ക് അനുവദിക്കാനും നടപടി സ്വീകരിക്കണം. സുൽത്താൻബത്തേരിയിലെ ട്രൈബൽ യൂണിവേഴ്സിറ്റി ഓഫ് റിസർച്ച് സെന്ററിനെ

ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ഊരുകൂട്ടങ്ങൾ നിർദ്ദേശിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. വിജയദാസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സമാനതകളില്ലാത്ത അവഗണനയുടെയും അടിച്ചമർത്തലിന്റെയും പ്രതീകമായ ദളിത് വിഭാഗത്തിന്റെ പുരോഗതിക്ക് എപ്പോഴും തുണയായി നിന്നിട്ടുള്ളത് ഇടതുപക്ഷ പാർട്ടികൾ മാത്രമാണ്. 2013-ലെ ഇക്കണോമിക് റിവ്യൂവിലെ കണക്കുകൾ പ്രകാരം എസ്.സി. വിഭാഗത്തിന്റെ വളർച്ചാ നിരക്ക് -2.7% ആണെന്ന വസ്തുത കണക്കിലെടുത്ത് അവരുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സ്റ്റൈപ്പന്റും, ലംപ്സംഗ്രാന്റും യഥാസമയം വിതരണം ചെയ്യുന്നില്ല. ഇന്ദിരാ ആവാസ് യോജന, ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി എന്നിവ അട്ടിമറിക്കുകയും വിവാഹ ധനസഹായം മുടങ്ങിക്കിടക്കുകയുമാണ്. ദളിത് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അവർക്ക് ഭക്ഷണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. അഹാഡ്സിന്റെ പ്രവർത്തനം

നിലയ്ക്കുകയും അവിടെയുള്ള ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന പട്ടികജാതിക്കാരായ 22 പേർക്ക് മാത്രം ജോലി നഷ്ടപ്പെടാനിടയാക്കിയ വിവേചനപരമായ നിലപാട് തിരുത്തണം. മലമ്പുഴ ഡാമിന്റെ ശോചനീയവസ്ഥ പരിഹരിക്കുന്നതിനും രണ്ടര കോടി രൂപ അനുവദിച്ച മീൻവല്ലം വെള്ളച്ചാട്ട പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ഡി.റ്റി.പി.സി.കളുടെ പ്രവർത്തനം സജീവമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. എ. മാധവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി വിഭാഗക്കാർക്കായി സ്വന്തമായി മെഡിക്കൽ കോളേജും ആർട്സ് ആന്റ് സയൻസ് കോളേജും അനുവദിക്കുകയും ചികിത്സാ ധനസഹായം ഏർപ്പെടുത്തുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് "our own tourism' എന്ന ആശയം നടപ്പിലാക്കണം. വിദേശികളെ ആകർഷിക്കുന്ന തരത്തിൽ കളരിപ്പയറ്റിനെ ടൂറിസത്തിന്റെ ഭാഗമായി അംഗീകരിക്കാനും തൃശ്ശൂർ ജില്ലയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ജില്ലയെ ടൂറിസം കേന്ദ്രമായി ഉയർത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി 1962 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിനായി 611 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി വികസന നയത്തിൽ മാറ്റംവരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. വയനാട് ജില്ലയിലെ അവിവാഹിതരായ അമ്മമാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വയനാട് ജില്ലയിൽ പടർന്നുപിടിക്കുന്ന മാരകരോഗങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ആദിവാസി മേഖലകളെ മദ്യവിമുക്തമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പട്ടികജാതി വിഭാഗത്തിനായി പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിച്ച നടപടി ശ്ലാഘനീയമാണ്. സംസ്ഥാനത്ത് കൂടുതൽ വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര ടൂറിസ്റ്റുകളേയും ആകർഷിക്കത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. വിവിധ വകുപ്പുകളുടെ ഏകീകരണത്തോടെ ടൂറിസം രംഗം പരിപോഷിപ്പിക്കുന്നതിനും ജൈനമത വിഭാഗക്കാരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. റ്റി. എ. റഹീം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി സങ്കേതങ്ങളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാനായി

ഏല്പിച്ചിട്ടുള്ള ഏജൻസികൾ കൃത്യമായി പദ്ധതി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ അവ വീണ്ടും ഏജൻസികളെ ഏല്പിക്കുന്ന നടപടിയെക്കുറിച്ച് ആലോചിക്കണം. ഓർഫനേജുകളിലേയ്ക്ക് അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ കൊണ്ടുവന്നതുമായി ബന്ധപ്പെട്ട വിവാദം സാമുദായികമായി ചിത്രീകരിക്കപ്പെട്ടത് ശരിയായ നടപടിയല്ല. പാലക്കാട് ജയിലിൽ കഴിയുന്ന നിരപരാധികളാണെന്ന് തെളിഞ്ഞ കുട്ടികളുടെ രക്ഷിതാക്കളുടെ കാര്യത്തിൽ ഉചിതമായ തീരുമാനമുണ്ടാകണം. ന്യൂനപക്ഷ പ്രൊമോട്ടർമാർക്ക് യഥാസമയം ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. റ്റി.യു. കുരുവിള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞു. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. പട്ടികജാതി വിഭാഗത്തിന് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും നൽകിവരുന്ന

ധനസഹായം വർദ്ധിപ്പിക്കുന്നതിനും ഇവരുടെ ചികിത്സാ സഹായം, വിവാഹ ധനസഹായം, മിശ്രവിവാഹിതർക്കുള്ള ധനസഹായം എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം. ഭൂതത്താൻകെട്ട്, തട്ടേക്കാട് പ്രദേശങ്ങളിൽ ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാനും ഇറിഗേഷൻ വകുപ്പ് ടൂറിസം വകുപ്പിന് കൈമാറിയ ക്വാർട്ടേഴ്സുകൾ ടൂറിസ്റ്റുകളുടെ താമസസൗകര്യത്തിന് ഉപയോഗപ്പെടുത്താനും സീ പ്ലെയിൻ പദ്ധതി വ്യാപകമാക്കാനും ഇടമലയാർ, ഭൂതത്താൻകെട്ട് ഡാമുകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിക്കണം. നേര്യമംഗലം കൃഷി ഫാമിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഫാം ടൂറിസം പ്രാവർത്തികമാക്കാനും കുട്ടമ്പുഴ പഞ്ചായത്തിൽ ആദിവാസികൾക്ക് കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം മുതലായ സൗകര്യങ്ങൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ആദിവാസി കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാനും ആദിവാസികളെ വനാന്തരങ്ങളിൽനിന്ന് മാറ്റിപാർപ്പിക്കാനും പൂയംകുട്ടി പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും പുരോഗതിയും സമസ്ത ജനവിഭാഗങ്ങളിലേയ്ക്കും എത്തുമ്പോഴാണ് രാജ്യം സമഗ്ര പുരോഗതിയാർജ്ജിക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം അറുപതാണ്ടുകൾ പിന്നിട്ടിട്ടും ദേശീയതലത്തിൽ ദളിതരുടെയും പിന്നോക്കവിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും സ്ഥിതി പരിതാപകരമായി തുടരുകയാണ്. പിന്നോക്ക വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാവനാസമ്പന്നമായ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം സൃഷ്ടിക്കണം. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ശ്മശാനങ്ങളുടെ നവീകരണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാനും ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളാനും തീരുമാനമുണ്ടാകണം. അട്ടപ്പാടി മേഖലയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ കൂടുതലായി ആരംഭിക്കാനും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റലുകൾ സ്ഥാപിക്കാനും നടപടിയുണ്ടാകണം. ഗോത്രസാരഥി പദ്ധതിയിൻകീഴിൽ സ്വന്തം വാഹനങ്ങളുപയോഗിച്ച് വിദൂരസ്ഥലത്തുനിന്നുള്ള കുട്ടികളെ സ്കൂളിൽ

എത്തിക്കുന്നതിനുള്ള ചുമതല ഐ.ടി.ഡി.പി.യെ ഏൽപ്പിക്കണം. അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി പോളിടെക്നിക് ആരംഭിക്കണം. അട്ടപ്പാടിയിലെ ശിശുമരണനിരക്ക് അടക്കമുള്ള പ്രശ്നങ്ങളിലിടപെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതും ജനനി-ജന്മരക്ഷ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതും അഭിനന്ദനാർഹമാണ്. വനാവകാശ നിയമമനുസരിച്ചുള്ള ഭൂമി ആദിവാസികൾക്ക് നൽകുന്നതോടൊപ്പം വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള സ്വാതന്ത്ര്യവും നൽകണം. ആദിവാസികളുടെ കലയും സംസ്കാരവും പാരമ്പര്യ ഒറ്റമൂലി ചികിത്സാ രീതിയും സംരക്ഷിക്കപ്പെടണം. ടൂറിസം മേഖലയിൽ ഗ്ലോബൽ ടൂറിസം പുരസ്കാരം നേടിയെടുക്കാനും വരുമാന വർദ്ധനവ് ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. മണ്ണാർക്കാട് കേന്ദ്രമായി ഇക്കോ-ടൂറിസം പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. അജിത്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സ്വകാര്യ മേഖലയിൽ സംവരണം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള പദ്ധതിക്ക് തുടക്കം കുറിക്കണം. സമസ്ത മേഖലകളിലും സമയബന്ധിതമായി ഫണ്ട്

ലഭ്യമാക്കുന്നതിനും ചെലവഴിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പട്ടികജാതി വികസന കോർപ്പറേഷനോട് വിവേചനപരമായ സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കോളനി സമ്പ്രദായത്തിന് അന്ത്യംകുറിക്കാനും ഫ്ലാറ്റ് സിസ്റ്റം നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. വിവിധ തൊഴിൽ മേഖലകളിൽ പട്ടികജാതി വിഭാഗക്കാരുടെ പ്രാതിനിധ്യം കുറഞ്ഞുവരികയും വിവേചനം കല്പിക്കപ്പെടുകയുമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ബാങ്ക് ലോണുകൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഇടപെടുകയും വിദ്യാഭ്യാസ വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവ് പരിഗണിച്ച് ടൂറിസം വ്യവസായത്തിനാവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും പ്രൊഫഷണിലസം കൊണ്ടുവരാനും നടപടി സ്വീകരിക്കണം. ഡി.ടി.പി.സി.-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഹൗസ് ബോട്ടുകൾക്ക് ഏകീകൃത നിരക്ക് ഏർപ്പെടുത്തുന്നതിനും ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് പെരുമാറ്റ രീതികൾ സംബന്ധിച്ച പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. അയ്യൻകാളിയുടെ ജനന/മരണ ദിവസങ്ങൾ പൊതു അവധി ദിവസങ്ങളായി പ്രഖ്യാപിക്കുന്നതോടൊപ്പം

വ്യാവസായിക മേഖലയിലേയ്ക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ആകർഷിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് സർക്കാർ തയ്യാറാകണം.

ശ്രീ. ഷാഫി പറമ്പിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുമുള്ള ധനസഹായം, ചികിത്സാ സഹായം, സ്വയംതൊഴിൽ ആരംഭിക്കുന്നതിനും തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനുമുള്ള ധനസഹായം തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചു. ഭൂമിയുടെ അപര്യാപ്തത പരിഗണിച്ച് പട്ടികജാതിക്കാർക്കായി ഫ്ലാറ്റ് സമ്പ്രദായത്തിലുള്ള ഭവനപദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എം.ബി.ബി.എസ്./ ബി.ടെക് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും വിജ്ഞാനവാടികൾ ആരംഭിക്കുന്നതിനും കലാമികവിന് സമ്മാനങ്ങൾ നൽകുന്നതിനും വിദേശത്തുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാന്റ് ഏർപ്പെടുത്തുന്നതിനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളിൽ പട്ടികജാതി/ പട്ടിക വർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം. ടൂറിസം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും ഏറ്റവും കൂടുതൽ വിദേശ സഞ്ചാരികൾ വരുന്ന പാലക്കാട് ജില്ലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും

സൈലന്റ്‌വാലിയെയും പറമ്പിക്കുളത്തെയും നെല്ലിയാമ്പതിയെയും ഉൾപ്പെടുത്തി 'ഗ്രീൻ ട്രയാങ്കിൾ' ടൂറിസം സാദ്ധ്യത പരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന ടൂറിസം പാക്കേജുകളിൽ പാലക്കാടിന് അർഹമായ പ്രാതിനിധ്യം നൽകുന്നതിനും നടപടി സ്വീകരിക്കണം. ടൂറിസം സംബന്ധിച്ച് കേരളത്തിന് മുഴുവനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കുന്നതിനും ടൂറിസം റോഡുകൾ നിർമ്മിക്കുന്നതിനും ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ടൂറിസം വെഹിക്കിൾസും ടൂറിസം ട്രെയിനിംഗും നൽകുന്നതിനും ടൂറിസം ഇൻവെസ്റ്റ്‌മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടിക വിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യുന്നതുമൂലം ഇ-ഗ്രാന്റ് കൊടുക്കാൻ സാധിച്ചിട്ടില്ല. പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചതല്ലാതെ നടപ്പാക്കിയിട്ടില്ല. വിവാഹധനസഹായം രണ്ട് വർഷമായി കൊടുത്തിട്ടില്ല. എസ്.ടി. വിഭാഗത്തിനനുവദിച്ച ഫണ്ടിന്റെ 80 ശതമാനം ചെലവഴിച്ചുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും 66 ശതമാനത്തിലപ്പുറം ചെലവഴിച്ചിട്ടില്ലെന്നാണ്

കണക്കുകൾ സൂചിപ്പിക്കുന്നത്. ആദിവാസി പുനരധിവാസ മിഷന് അനുവദിച്ച തുകയിൽനിന്ന് 2.61 കോടി രൂപ ആറളം ഫാമിലെ 46 തൊഴിലാളികളുടെ വി.ആർ.എസ്. ആനുകൂല്യം നൽകാനായി മാറ്റിയിരിക്കുകയാണ്. ആദിവാസികൾക്ക് ഭൂമി വാങ്ങാൻ വയനാട് കളക്ടറുടെ പേരിൽ കഴിഞ്ഞ സർക്കാർ ഡെപ്പോസിറ്റ് ചെയ്ത 50 കോടി രൂപയും വകമാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സർക്കാർ വന്നതിനുശേഷം ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്ന പദ്ധതി, സമ്പൂർണ്ണ വൈദ്യ സഹായ പദ്ധതി എന്നിവയുടെ സർവ്വേ നടത്തിയിട്ടില്ലെന്ന് മാത്രമല്ല, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയും ഒഴിവാക്കി. പ്രാക്തന ആദിവാസി വിഭാഗത്തിനുള്ള കേന്ദ്ര പദ്ധതികളോ അട്ടപ്പാടി സ്പെഷ്യൽ പാക്കേജോ നടപ്പാക്കിയിട്ടില്ല. ആദിവാസി കുഞ്ഞുങ്ങളുടെ കൂട്ടമരണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ സംയുക്തയോഗം ചേർന്നതല്ലാതെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആദിവാസി ക്ഷേമത്തിന് അനുവദിച്ച പൂൾഡ് ഫണ്ട് മാവോയിസ്റ്റ് വേട്ടയ്ക്ക് വകമാറ്റിയിരിക്കുന്നു. ആദിവാസിക്കുട്ടികളെ ഏജന്റുമാർ മുഖേന അനാഥാലയങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നുവെന്ന വാർത്തകളുമുണ്ട്. ദളിത് വിഭാഗക്കാരായ ജീവനക്കാരെ സർക്കാർ അർഹതപ്പെട്ട പ്രൊമോഷനുകൾ നൽകാതെ പല രീതിയിലും വേട്ടയാടുകയാണ്. എയ്ഡഡ് മേഖലയിലും ദേവസ്വം ബോർഡിലുമുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ല. പട്ടിക

വിഭാഗങ്ങളുടെ ഉന്നമനത്തിനായി പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന പ്രഖ്യാപനം സഫലീകരിക്കുന്നതിനായി ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കുകയോ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം വാങ്ങുകയോ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുകയോ ചെയ്യാതെ ഒരു സ്പെഷ്യൽ ഓഫീസറേയും ഫാക്കൽറ്റിയടക്കം 200 ജീവനക്കാരെയും നിയമിക്കുകയും അവർ ശമ്പളം വാങ്ങുകയും ചെയ്യുന്നത് ഒരുതരത്തിലും നീതികരിക്കാനോ അംഗീകരിക്കാനോ കഴിയില്ല. ഇത്തരത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള കോർപ്പസ് ഫണ്ട് ധൂർത്തടിക്കാൻ അനുവദിക്കരുത്. മുസ്ലീം സമുദായത്തിനുള്ളിലും മുസ്ലീം ലീഗിനുള്ളിലും തീവ്രവാദം ശക്തിപ്പെട്ടുവരികയാണ്. ഇടതുപക്ഷ പ്രസ്ഥാനമായ തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന് മാത്രമേ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സാധിക്കുകയുള്ളൂ.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): ഈ സർക്കാർ പദ്ധതി വിഹിതത്തിന്റെ മൂന്ന് ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി വകയിരുത്തി. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ പതിനെട്ട് മോഡൽ

റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിനായി 'സർഗോത്സവം' എന്ന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 'വിദ്യോദയം', എസ്.എസ്.എൽ.സി. പാസ്സായ തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 'ഗോത്രജ്യോതി', ദുർഘടപ്രദേശങ്ങളിലുള്ള കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി 'ഗോത്രസാരഥി', അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് 'ജനനി ജന്മരക്ഷ', മാതാപിതാക്കളില്ലാത്ത കുട്ടികളെ സംരക്ഷിക്കുന്നതിന് 'കൈത്താങ്ങ്' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തൊഴിൽരഹിതരമായ യുവതികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഓട്ടോറിക്ഷകൾ വിതരണം ചെയ്യുകയും പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. വനം വകുപ്പിൽ 700 ഫോറസ്റ്റ് വാച്ചർമാരെ നിയമിക്കുന്നതിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരികയാണ്. നിർദ്ധനരായ യുവതികൾക്കുള്ള വിവാഹ ധനസഹായം 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുകയായി ലഭിച്ച 148 കോടി രൂപ ഉപയോഗിച്ച് ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി

വാങ്ങി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിന് ഒരു കോടി രൂപ ചെലവഴിച്ച് ഹാംലെറ്റ് ഡെവലപ്പ്മെന്റ് സ്കീം നടപ്പാക്കുന്നുണ്ട്. പ്രാക്തന ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ നൂറ് കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി ഈ വർഷം ആരംഭിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>) : മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ന്യൂനപക്ഷ വകുപ്പിന് വളരെക്കുറഞ്ഞ ധനസഹായമാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ന്യൂനപക്ഷ വകുപ്പിനെ ഒരു സമ്പൂർണ്ണ വകുപ്പായി ഉയർത്തുന്നതിനും സംസ്ഥാന ന്യൂനപക്ഷ സെല്ലിനെ ഡയറക്ടറേറ്റായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. മദ്രസ അദ്ധ്യാപക പെൻഷൻ തുക വർദ്ധിപ്പിക്കുകയും പലിശരഹിത ഭവനവായ്പാ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 8 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഡക്കിനി-കച്ച്മേമൻ വിഭാഗത്തെ മുസ്ലീം സംവരണ വിഭാഗത്തിലും ജൈനർ വിഭാഗത്തെ ന്യൂനപക്ഷ മതവിഭാഗത്തിലും ഉൾപ്പെടുത്തുകയും

ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന തീരദേശമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി 16 സൗജന്യ കോച്ചിംഗ് സെന്ററുകളും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിനൽകുന്ന എൻ.ജി.ഒ.കൾക്ക് സബ്സെന്ററുകളും ആരംഭിക്കുന്നതിന് അനുമതി നൽകുകയും കരിയർ ഗൈഡൻസ് പദ്ധതിക്കും ഹ്രസ്വകാല ഗവേഷണ ഫെലോഷിപ്പിനും കൂടുതൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. എം.എസ്.ഡി.പി. പദ്ധതി സംസ്ഥാനത്തെ 50 ബ്ലോക്കുകളിൽ നടപ്പാക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെടുകയും സാമ്പത്തിക സഹായത്തിനായി ക്ലസ്റ്റർ വില്ലേജുകൾ തെരഞ്ഞെടുത്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളുടെ നിർദ്ദേശങ്ങളും വിമർശനങ്ങളും സ്വാഗതം ചെയ്യുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിനുള്ള ധനസഹായം 2 ലക്ഷം രൂപയായും ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം സെന്റിന് 50000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ടോയ്ലറ്റ് നിർമ്മാണത്തിനായി 25000 രൂപ അനുവദിക്കുന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനും ഭവന നവീകരണത്തിന് തുക അനുവദിക്കുന്നതിനും ചികിത്സാ ധനസഹായവും വിവാഹ ധനസഹായവും വർദ്ധിപ്പിക്കുന്നതിനും സഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യവും ഹോസ്റ്റലിൽ പഠിക്കുന്ന കുട്ടികളുടെ സ്റ്റൈപ്പന്റും വർദ്ധിപ്പിച്ചിട്ടുണ്ട്. അമ്പത്തിഅയ്യായിരത്തോളം വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനും മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനും ഹയർസെക്കണ്ടറി/എസ്.എസ്.എൽ.സി. പരീക്ഷകളിൽ 'എ' പ്ലസ് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അരപവൻ സ്വർണ്ണം പാരിതോഷികം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം മുതൽ പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള ധനസഹായം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ഭൂരഹിതർക്ക് അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപ നിരക്കിൽ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മിഷൻ 676-ൽ ഉൾപ്പെടുത്തി 2010 മാർച്ച് 31 വരെയുള്ള ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനും പെൺകുട്ടികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി വാത്സല്യനിധി പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ചികിത്സാ

ധനസഹായങ്ങളുടെ വരുമാനപരിധി ഒരു ലക്ഷം രൂപയാക്കി ഉയർത്തുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതുകൂടി പരിഗണിച്ചാണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചത്. പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള തീരുമാനത്തിൽ തെറ്റില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയാണ് പാലക്കാട് മെഡിക്കൽ കോളേജിൽ മുൻകൂർ നിയമനം നടത്തിയത്. പിന്നോക്കക്ഷേമ വകുപ്പുവഴി പത്ത് ലക്ഷത്തിലധികം പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ അനുവദിക്കാനും ദുർബല ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിഞ്ഞു. നിതാഖത് നിയമം അനുസരിച്ച് നാട്ടിലേയ്ക്ക് മടങ്ങിവരുന്ന പിന്നോക്ക വിഭാഗക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പിന്നോക്ക ക്ഷേമ കോർപ്പറേഷൻവഴി പത്ത് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ടൂറിസം മേഖലയിൽ വിദേശനാണ്യ വരുമാനം വർദ്ധിച്ചു. കേരളത്തിലെ 114 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് വിനോദ സഞ്ചാര പദ്ധതികൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചു. സീ പ്ലെയിൻ പദ്ധതി 2014 സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 52-നെതിരെ 68 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം

### റെയിൽവേ നിരക്ക് വർദ്ധനമൂലം ഉളവായിട്ടുള്ള വിലക്കയറ്റം

ശ്രീ. സി. ദിവാകരൻ: "റെയിൽവേ യാത്രാനിരക്കും ചരക്ക് കൂലിയും കുത്തനെ ഉയർത്തിയ നടപടിമൂലം കേരളത്തിലെ റെയിൽവേ യാത്രക്കാർക്ക് നേരിടേണ്ടിവരുന്ന കടുത്ത സാമ്പത്തിക ഭാരം, അതിരൂക്ഷമായ വിലക്കയറ്റം എന്നീ സാഹചര്യങ്ങളെക്കുറിച്ച് സഭ ചർച്ചചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റെയിൽവേ യാത്രാനിരക്കും ചരക്കുകൂലിയും കുത്തനെ വർദ്ധിപ്പിച്ച കേന്ദ്ര സർക്കാരിന്റെ നടപടി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണ് ഏറ്റവുമധികം ബാധിക്കുന്നത്. പച്ചക്കറി, പാൽ, ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവിന് ഇത് കാരണമാകും. ഇൻഡ്യൻ റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. കഴിഞ്ഞ വർഷം കേരളത്തിൽ നിന്ന് 1400 കോടി

രൂപയുടെ വരുമാനമാണ് റെയിൽവേയ്ക്ക് ലഭിച്ചിരിക്കുന്നത്. 14.5% യാത്രാനിരക്ക് വർദ്ധിപ്പിച്ചതിലൂടെ കേരളത്തിലെ 26 ലക്ഷം ട്രെയിൻ യാത്രക്കാരുടെമേൽ അമിതഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴ വാഗൺ ഫാക്ടറി, തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ ഏഷ്യയിലെ ക്ലാസ് വൺ സ്റ്റേഷനാക്കൽ, പാപ്പനംകോട് സെൻട്രൽ സ്റ്റേഷനിൽ റിപ്പയറിംഗ് യാർഡ് സ്ഥാപിക്കൽ, നേമവും വേളിയും ഉപഗ്രഹ സ്റ്റേഷനാക്കൽ തുടങ്ങിയ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. പ്രതിശീർഷ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനം കേരളമാണ് . സീസൺ ടിക്കറ്റ് നിരക്ക് നൂറിരട്ടിയാക്കി വർദ്ധിപ്പിച്ചും ദൂരപരിധി 15 കിലോമീറ്ററാക്കി കുറച്ചും 10% തുക ഡെവലപ്മെന്റ് ഫണ്ട് ഈടാക്കിയും മുന്നോട്ടു പോകുന്ന കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ ശക്തമായ ഇടപെടൽ ഉണ്ടാകണം. കക്ഷിരാഷ്ട്രീയ ഭേദമെന്യെ മുഖ്യമന്ത്രിയടക്കമുള്ള സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ വികാരം ബോദ്ധ്യപ്പെടുത്തണം.

<u>ശ്രീ. പി. എ. മാധവൻ</u>: കേരളത്തിലെ മുഴുവൻ ജനങ്ങളെയും വീർപ്പുമുട്ടിക്കുന്ന പ്രശ്നത്തെക്കുറിച്ച് ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ അന്ത:സത്തയോട് പൂർണ്ണമായും യോജിക്കുകയാണ്. യാത്രാക്കൂലിയും ചരക്കുകൂലിയും വർദ്ധിപ്പിച്ചതിലൂടെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനുമേൽ അമിതഭാരമാണ് അടിച്ചേല്പിച്ചിരിക്കുന്നത്. എക്സ്പ്രസ് തീവണ്ടികൾ പലതും സൂപ്പർഫാസ്റ്റാക്കുകയാണ്. കേന്ദ്രസർക്കാരിന്റെ നിലപാടുകൾക്കെതിരെ കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും യോജിച്ച് ശക്തമായ പോരാട്ടം നടത്തണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റെയിൽവേ യാത്രാക്കൂലിയും ചരക്കുകൂലിയും അമിതമായി വർദ്ധിപ്പിച്ച നടപടി ന്യായീകരിക്കാവുന്നതല്ല. പാചകവാതകം, ഡീസൽ, യൂറിയ തുടങ്ങിയവയുടെ വില വർദ്ധിപ്പിച്ച് വിലക്കയറ്റത്തിന് ആക്കംകൂട്ടുന്ന നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രകൃതിവാതകത്തിന്റെ വില വർദ്ധിപ്പിക്കുകയാണെങ്കിൽ യൂറിയയുടെയും ഇലക്ട്രിസിറ്റിയുടെയും സി.എൻ.ജി.യുടെയും പൈപ്പ് ലൈൻവഴിയുള്ള പാചകവാതകത്തിന്റെയും വിലവർദ്ധിക്കും. വിലക്കയറ്റം രൂക്ഷമായിരിക്കുന്ന ഈ അവസരത്തിൽ

വൻകിടമുതലാളിമാർക്കുള്ള ഇൻസെന്റീവ് കുറയ്ക്കുകയും പാവപ്പെട്ട ജനങ്ങൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: രാജ്യത്ത് നല്ല ദിനങ്ങളാണ് വരാൻപോകുന്നതെന്ന് പ്രധാനമന്ത്രി പറയുന്നുണ്ടെങ്കിലും ചരക്കുകൂലി വർദ്ധനവിലൂടെ അരിയടക്കമുള്ള നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനയ്ക്കും ഇന്ധനവില വർദ്ധിപ്പിച്ചതിലൂടെ വിമാന-റെയിൽവേ ടിക്കറ്റ് നിരക്കുകൾ വർദ്ധിക്കുന്നതിനും ഇടയായിട്ടുണ്ട്. കൂടാതെ മണ്ണെണ്ണ, ഡീസൽ, പാചകവാതകം എന്നിവയുടെ വില വർദ്ധിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സമസ്തമേഖലകളും സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഇത്തരം നയങ്ങൾക്കെതിരെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് സഭ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ചരക്കുകൂലിയടക്കം വർദ്ധിപ്പിച്ചതിലൂടെ ഭക്ഷ്യമേഖലയെയും നിർമ്മാണ മേഖലയെയും ബാധിക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. വിമാന-റെയിൽവേ ടിക്കറ്റ് നിരക്ക് വർദ്ധനവും പെട്രോൾ, ഡീസൽ പാചകവാതകം എന്നിവയുടെ വിലവർദ്ധനവും ജനജീവിതമാകെ ദുസ്സഹമാക്കിയിരിക്കുകയാണ്. പഞ്ചാസരയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതും പഞ്ചസാര ഫാക്ടറി ഉടമകൾക്ക്

4400 കോടി രൂപ പലിശ രഹിതവായ്പ അനുവദിച്ച നടപടിയും പ്രതിഷേധാർഹമാണ്. ഇത്തരം നടപടികൾ നീതികരിക്കാൻ കഴിയാത്തതിനാൽ സഭ ഒറ്റക്കെട്ടായിനിന്നുകൊണ്ട് ഇതിനെതിരെ പ്രതിഷേധം അറിയിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: വിലക്കയറ്റംകൊണ്ട് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ നടപടികളിലൊന്നാണ് റെയിൽവേ നിരക്ക വർദ്ധനവ്. കേരളത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്ന ഇത്തരം വിലവർദ്ധനവിനെതിരെ സഭ ഒറ്റക്കെട്ടായിനിന്ന് കേരളത്തിന്റെ പൊതുവികാരം കേന്ദ്രസർക്കാരിനെ അറിയിക്കണം.

ശ്രീ. എ. എ. അസീസ്: ഒരു പൊതു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് കേന്ദ്രസർക്കാർ ചരക്കുകൂലിയും യാത്രാക്കൂലിയും വർദ്ധിപ്പിച്ച നടപടി ജനദ്രോഹപരമായിട്ടുള്ളതാണ്. ഇത്തരം നടപടിക്കെതിര കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കാൻ തയ്യാറായതിനോട് യോജിക്കുന്നു.

ശ്രീ. സി. കെ. നാണു: ഇന്ത്യയിലുടനീളം സമീപകാലത്തൊന്നു മുണ്ടായിട്ടില്ലാത്തവിധം ചരക്കുകൂലിയടക്കം വർദ്ധിപ്പിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഇത്തരം ജനദ്രോഹ നടപടികൾക്കെതിരെ സഭയൊന്നടങ്കം പ്രമേയം പാസ്സാക്കുന്നതിനോട് യോജിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

കേന്ദ്രസർക്കാരിന്റെ ജനദ്രോഹപരമായ നിലപാടുകളെ പരാജയപ്പെടുത്തുന്നതിന് യോജിച്ചുനിൽക്കണം. റെയിൽവേ ചാർജ്, പാചകവാതകം എന്നിവയുടെ വിലവർദ്ധനവിലൂടെ കേരളം ക്രൂരമായി ശിക്ഷിക്കപ്പെട്ടിരിക്കുകയാണ്. ഇത്തരം നയങ്ങൾക്കെതിരെ സഭ യോജിച്ചുനിന്നുകൊണ്ട് പ്രമേയം പാസ്സാക്കുന്നത് അർത്ഥവത്താണ്. പാവപ്പെട്ട ജനങ്ങളുടെമേൽ കടുത്ത ഭാരം അടിച്ചേൽപ്പിച്ചും വൻകിട കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യുന്നതിനുമായി കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്ന നയത്തിനെതിരായ നിലപാടുകളോട് യോജിക്കുന്നു

ശ്രീ. ബെന്നി ബെഹനാൻ : ഉപക്ഷേപത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായും യോജിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : കേന്ദ്ര സർക്കാർ റെയിൽവേ യാത്രാക്കൂലി 14.2 ശതമാനവും ചരക്കുകൂലി 6.5 ശതമാനവും വർദ്ധിപ്പിച്ചത് കൺസ്യൂമർ സ്റ്റേറ്റായ കേരളത്തെ പ്രതികൂലമായി ബാധിക്കും. ഒരു മാസംകൊണ്ടാണ് ഈ വർദ്ധനവ് വരുത്തിയിരിക്കുന്നത്. കഴിഞ്ഞ കേന്ദ്ര സർക്കാർ പത്ത് കൊല്ലത്തിനുള്ളിൽ റെയിൽവേ ചാർജ്ജ് ഒരു പ്രാവശ്യം വർദ്ധിപ്പിക്കുകയും ഒരു പ്രാവശ്യം കുറയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന ഇത്തരം

ജനവിരുദ്ധ നയങ്ങൾക്കെതിരെ സഭ ഒറ്റക്കെട്ടായി പ്രതിഷേധിക്കണം.

"റെയിൽവേ ബഡ്ജറ്റിനുമുമ്പായി കേന്ദ്ര സർക്കാർ നടപ്പാക്കിയ 14.2 ശതമാനം റെയിൽവേ യാത്രാക്കൂലി വർദ്ധനവും 6.5 ശതമാനം ചരക്ക് കടത്തുകൂലി വർദ്ധനവും കേരളത്തിലെ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന തീരുമാനങ്ങളാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് റെയിൽമാർഗ്ഗം എത്തുന്ന അരി, ഗോതമ്പ്, പച്ചക്കറി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെയും സിമന്റ്, കമ്പി, മുതലായ നിർമ്മാണ സാമഗ്രികളുടെയും വൻവിലക്കയറ്റത്തിന് ഇത് ഇടയാക്കും. സീസൺ ടിക്കറ്റ് അടക്കമുള്ള റെയിൽവേ യാത്രാ നിരക്ക് വർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം ദു:സ്സഹമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച റെയിൽവേ യാത്രാനിരക്ക് വർദ്ധനവിലും ചരക്ക് കൂലി വർദ്ധനവിലും ഈ സഭ ഉത്ക്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തുകയും നിരക്ക് വർദ്ധനവ് പുന:പരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു. പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 6.40-ന് പിരിഞ്ഞു.

*********************